# ശിശിരം

## ഡിജിറ്റൽ മാഗസിൻ
## 2024



**സെന്റ് ജോസഫ്സ് എച്ച് എസ് എസ് ,മേലൂർ**

# സന്ദേശം



പ്രിയമുള്ളവരേ,

സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക്
ആക്കുന്നതിന്റെ ഭാഗമായി നമ്മുടെ സ്കൂളും ഹൈടെക്
ആയിക്കഴിഞ്ഞല്ലോ.
സാങ്കേതികവിദ്യയുടെ മികവിലേക്ക് പുതുതലമുറയെ
കൈപിടിച്ചുയർത്താൻ കുട്ടികളുടെ ഐ ടി കൂട്ടായ്മയായ
ലിറ്റിൽ കൈറ്റ്സ്
നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നതിൽ
അതിയായ അഭിമാനമുണ്ട്.
ഈ കൂട്ടായ്മയുടെ 2023-2024 വർഷത്തെ
ഡിജിറ്റൽ മാഗസിൻ
പ്രസിദ്ധീകരിക്കുന്നതിൽ അതീവ സന്തോഷം
രേഖപ്പെടുത്തുന്നു.
എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും
ഇതിനു നേതൃത്വം കൊടുക്കുന്ന കൈറ്റ് മിസ്ട്രസ്സ്മാർക്കും
എല്ലാ ഭാവുകങ്ങളും നേരുന്നു.

ഹെഡ്മാസ്റ്റർ ,
സോണി ജോസഫ്

# ചരിത്രത്താളുകളിലൂടെ............

തൃശ്ശൂർ ജില്ലയുടെ തെക്കേ അറ്റത്ത് ചാലക്കുടി പുഴയോട് ചേർന്നു നിൽക്കുന്ന പ്രകൃതിരമണീയമായ ഒരു കൊച്ചുഗ്രാമമാണ് മേലൂർ.2018-ലെ മഹാപ്രളയം ഏൽപ്പിച്ച ആഘാതത്തിൽനിന്നും അതിജീവനത്തിന്റെ പാതയിലൂടെ അതിവേഗം മുന്നോട്ട് പോകുവാൻ ഗ്രാമവാസികൾക്കായിട്ടുണ്ട്. മേലൂരിലെ ഏക ഹയർസെക്കന്ററി സ്കൂളാണ് സെന്റ് ജോസഫ്സ് എച്ച് എസ് എസ്,മേലൂർ. ഹൈസ്കൂളും ഹയർസെക്കന്ററിയും ഒരേ കോംപൗണ്ടിൽ പ്രവർത്തിക്കുന്നു. സാധാരണക്കാരായ കൃഷിക്കാരുടെയും ജോലിക്കാരുടെയും മക്കളാണ് ഇവിടത്തെ വിദ്യാർത്ഥികൾ.






കവിത

# ശത്രുക്കൾ

കുറുക്കൻമ്മാരുടെ കാലമാണേ , കൂട്ടരേ
കോഴികള് ഓടണ ഓട്ടം കണ്ടോണേ
ചേട്ടന്മാരുടെ വിശപ്പടക്കാൻ
അനിയന്മാരുടെ ജീവനൊടുക്കാൻ
കുതിച്ചുപാഞ്ഞു വരുന്നത് കണ്ടോ
അനിയന്മാർ ജീവനുവേണ്ടി നെട്ടോട്ടം
ചേട്ടന്മാർ വിശപ്പടക്കാൻ കൂട്ടോട്ടം

DEVIKA C S
X B

# പ്രകൃതി -നമ്മുടെ കേരളം

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന് അഭിമാനിക്കാൻ ഒരു പാട് സവിശേഷതകളുണ്ട്. സാക്ഷരതയുടെയും ആരോഗ്യത്തിന്റെയും, വൃത്തിയുടെയുമൊക്കെ കാര്യത്തിൽ നാം മറ്റ സംസ്ഥാനങ്ങളെക്കാൾ മുൻപന്തിയിലാണ് – നിർഭാഗ്യവശാൽ പരിസ്ഥിതി-പ്രകൃതി സംരക്ഷണ വിഷയത്തിൽ നാം വളരെ പിറകിലാണ്.

കേരളം പ്രകൃതി രമണീയമായഭൂപ്രദേശമാണ്. മഴ ധാരാളം കിട്ടുന്ന നാടാണ്. ഒട്ടേറെ കുളങ്ങളും കിണറുകളും കായലും പുഴകളും തോടുകളും കൊണ്ട് സമ്പന്നമാണ്. ശുചിത്വമുള്ളവരുടെ നാടാണ്. രണ്ടു നേരം കുളിക്കുന്നവരും ശുഭ്രവസ്ത്രം ധരിക്കാൻ ഇഷ്ടപ്പെടുന്നവരുമാണ്.ഇതായിരുന്നു മലയാളിയെക്കുറിച്ച് അടുത്ത കാലം വരെയുള്ള ധാരണ.എന്നാൽ ഇന്ന് ആ ധാരണ മാറ്റിക്കൊണ്ടിരിക്കുകയാണ് നാം. സ്വന്തം വീടിനപ്പുറത്തേക്ക് ശുചിത്വം എന്താണെന്ന് മലയാളിക്കറിയില്ല. ഭൂമിയുടെ നാഡീ ഞരമ്പുകളായ പുഴകളിൽ ചലം നിറഞ്ഞ് മലീമസമായി കൊണ്ടിരിക്കുന്നു .മാലിന്യം നിറഞ്ഞ നഗരങ്ങൾ, 44 നദികളാൽ സമ്പന്നമായ നാട്ടിൽ മഴക്കാലത്തും ശുദ്ധജല ക്ഷാമം, കാലം തെറ്റി വരുന്ന മഴ , ചുട്ടുപൊള്ളുന്ന പകലുകൾ, പാടത്തും പറമ്പത്തും വാരിക്കോരിയൊഴിക്കുന്ന കീട നാശിനികൾ, വിഷകനികളായ പച്ചക്കറികൾ, രോഗങ്ങൾ, ഇ-വേസ്റ്റ് ഉയർത്തുന്ന പ്രശ്നങ്ങൾ ഇതൊക്കെയാണ് പ്രബുദ്ധ കേരളത്തിന്റെ വികസന കാഴ്ചകൾ. എന്നാലും പരിസ്ഥിതി-പ്രകൃതി സൗഹാർദപരമായ ജീവിതം നയിക്കാൻ നാം ഒരോരുത്തരും സ്വയം തയ്യാറാവണം.യുഗയുഗാന്തരങ്ങളായി രൂപാന്തരം പ്രാപിച്ച് നമ്മൾ അനുഭവിച്ചു വരുന്ന ഈ പ്രകൃതി സൌഭാഗ്യം അടുത്ത തലമുറകൾക്ക് പകർന്നു നൽകാൻ നമ്മൾ ബാദ്ധ്യസ്ഥരല്ലേ... ഇവിടെയാണ്ജൈവവൈവിധ്യസംരക്ഷണത്തെപ്പറ്റി നാം തീവ്രമായി ചിന്തിക്കേണ്ടത്. പല ജൈവ വിഭവങ്ങളും വംശനാശ ഭീഷണിയിലാണ്.

സ്വന്തം വൃത്തിയും വീടിന്റെ വൃത്തിയും മാത്രം സംരക്ഷിച്ച് സ്വാർത്ഥതയുടെ പര്യായമായി കൊണ്ടിരിക്കുന്ന മലയാള നാടിന്റെ ഈ പോക്ക് അപകടത്തിലേക്കാണ്.നാം ജീവിക്കുന്ന ചുറ്റുപാടിന്റെ സംരക്ഷണവും, പരിപാലനവും വളരെ ശ്രദ്ധയോടെ ചേയ്യേണ്ട കാര്യമാണ്. ജലത്തിനും ഭക്ഷണത്തിനും തൊഴിലിനും പ്രകൃതിയെ നേരിട്ട് ആശ്രയിക്കുന്നവർക്കാണ് സ്വന്തം പ്രത്യക്ഷാനുഭവമായി മാറുക. സമൂഹത്തിലെ പൊതുധാരയിലുള്ളവർക്ക് ഇത് പെട്ടന്ന് മനസ്സിലാവില്ല .പക്ഷെ ക്രമേണ എല്ലാവരിലേക്കും വ്യാപിക്കുന്ന സങ്കീർണ്ണമായ പ്രശ്നമാണ് ഇത്തരം പ്രകൃതി ദുരന്തങ്ങൾ. പാടം നികത്തിയാലും ,മണൽ വാരി പുഴ നശിച്ചാലും ,വനം വെട്ടിയാലും മാലിന്യ കുമ്പാരങ്ങൾ കൂടിയാലും, കുന്നിടിച്ചാലും ഞങ്ങൾക്ക് യാതൊരു പ്രശ്നവും ഇല്ല എന്ന് കരുതുന്നവരുടെ കാഴ്ചപ്പാടുകൾ മാറ്റപെടേണ്ടതാണ്.ഇത്തരം പ്രശ്നങ്ങൾ മാനവരാശിയുടെ പ്രശ്നമാണ് എന്ന് കരുതി ബോധപൂർവ്വമായി ഇടപെട്ട് ഭൂമിയമ്മയെ സംരക്ഷിക്കാൻ നാം തയ്യാ റായില്ലെങ്കിൽ നമ്മുടെ മക്കൾക്ക് ഇവിടെ വാസ യോഗ്യമല്ലാതായി വരും.

നമ്മുക്ക് നമുടെ പൂർവ്വികർ ദാനം തന്നതല്ല ഈ ഭൂമി, മറിച്ച് നമ്മുടെ ഇളം തലമുറയിൽ നിന്ന് കടം വാങ്ങിയതാണ് എന്ന ബോധത്തോടെ വേണം ഇവിടെ ജീവിക്കാൻ .എല്ലാവർക്കും ആവശ്യത്തിനുള്ളത് എന്നും പ്രകൃതിയിലുണ്ട്.പ്രകൃതിയുമായി സന്തുലന സമ്പർക്കം ഒരു വ്യക്തിയുടെ മാത്രം ആവശ്യമല്ല. സമൂഹത്തിന്റെ കടമയാണ്.വനനശീകരണം ആഗോള താപനം, അമ്ല മഴ, കാലാവസ്ഥ

വ്യതിയാനം കുടിവെള്ള ക്ഷാമം തുടങ്ങിയവ സർവ്വതും പരസ്പരപൂരകങ്ങളാണ്. ഇന്ന് കേരളത്തിന്റെ കാലാവസ്ഥയിൽ ഗണ്യമായി വ്യതിയാനം സംഭവിച്ച്, ചൂട് സഹിക്കാൻ പറ്റാത്ത അവസ്ഥയായി കൊണ്ടിരിക്കുന്നു, കുടിക്കാൻ വെള്ളം കിട്ടാത്ത അവസ്ഥയിലേക്ക് നിങ്ങുന്നു .ഈ കാഴ്ച നമ്മുടെ കണ്ണ് തുറപ്പിക്കാനുള്ളതാണ്.

കേരളത്തിൽ പ്രകൃതി ദുരന്തങ്ങൾ ഏറെ സംഭവിക്കുന്നത് മലകളെയും പുഴകളെയും ബന്ധപ്പെട്ടാണ്. കാട്ടിനുള്ളിൽ പേമാരിയും ഉരുൾപൊട്ടലും സംഭവിക്കുന്നു പ്രകൃതിക്ക് വലിയ നാശ നഷ്ടങ്ങൾ സംഭവിക്കുന്നു പക്ഷെ അത് പുറം ലോകം അറിയുന്നില്ല. ഒട്ടേറെ കാട്ടു മരങ്ങൾ കടപുഴകി വീഴുന്നു നിരവധി വന്യജീവികൾ മരിക്കുന്നു. പലപ്പോഴും മനുഷ്യൻ അവിടെ നാശങ്ങൾ സംഭവിക്കുന്നില്ല അത് കൊണ്ട് തന്നെ കാട്ടിലെ നാശങ്ങൾ ചർച്ച അവാതെ പോവുന്നു.. എന്നാൽ ജനവാസ മേഖലയിൽ പ്രകൃതി ദുരന്തങ്ങൾ എന്നും നമ്മിൽ ഞെട്ടൽ ഉണ്ടാക്കുന്നു., വേദനിപ്പിക്കുന്നു. ഉരുൾപൊട്ടലിൽ,മണ്ണിടിച്ചിൽ, പുഴ നിറഞ്ഞ ഒഴുക്കിൽ പെട്ട് മനുഷ്യ ജീവനുകൾ പൊലിഞ്ഞു പോകുമ്പോൾ നാം മുറവിളികൂട്ടുകയാണ്. ഓരോ മലയും ഇടിയുന്നത് അതിന്റെ അടി തെറ്റുമ്പോഴാണ് എന്നത് നാം തിരിച്ചറിയാതെ പോവുന്നു. മലമ്പ്രദേശങ്ങൾ ഏറെയുള്ള നമ്മുടെ സംസ്ഥാനത്ത് മണ്ണൊലിച്ചു പോകുന്നത് തടയുന്നത് മരങ്ങളാണ് എന്നത് പ്രൈമറി ക്ലാസ്സിൽ നാം പഠിച്ചത് മറന്ന് പോകുന്നു. പുഴകൾ കയ്യേറി വിധി കുറച്ചു വെള്ളം കരയിൽ കയറും എന്നത് നാം മറന്ന് പോയി.

വയലുകളും തോടുകളും മണ്ണിട്ട് മൂടിയിൽ വെള്ളം നമ്മുടെ വീട്ടിൽ തന്നെ കയറി വരും എന്ന സാമാന്യ ബോധം പോലും നമുക്ക് ഇല്ലാതായിരിക്കുന്നു. വികസനത്തിന്റെ പേരിൽ പ്രക്തിയെ ചൂഷണം ചെയ്യുന്നത് തന്നെയാണ് ഇന്നത്തെ ദുരവസ്ഥക്ക് കാരണം. മല മുകളിൽ റിസോർട്ടും വാട്ടർ തീം പാർക്കുകളും നിർമിക്കുന്നതാണ് എന്ന് വികസനത്തിന് നാം പുതിയ നിർവചനം നൽകി. താമരശ്ശേരി ഉരുൾപൊട്ടൽ മലമുകളിൽ ഉണ്ടായാക്കിയ ജല സംഭരണിയാണ് എന്ന സംശയം ഉണ്ടായിട്ടുണ്ട്. ഇനിയും ഇങ്ങനെ എത്ര ജല സംഭരണി ഉണ്ട് എന്നത് പുറലോകം അറിയാൻ ഇനിയും ഉരുൾപൊട്ടൽ വേണ്ടി വന്നേക്കാം...,പുത്തുമല,കവളപ്പാറ ദുരന്തങ്ങൾ മറക്കാൻ നമുക്കാവുമോ?

ഇവിടെ ആരാണ് പ്രകൃതി സംരക്ഷിക്കാൻ ഉള്ളത്. പ്രകൃതി ദുരന്തങ്ങൾ തടയാൻ പ്രക്തിയെ ചൂഷണത്തിൽ നിന്ന് രക്ഷ നൽകുക എന്നത് തന്നെയാണ് നാം ആദ്യം ചെയണ്ടത്. മണ്ണിനെ പിടിച്ചു നിർത്തുന്ന മഴക്ക് വിരുന്ന് ഒരുക്കുന്ന മരങ്ങളെ നാം സംരക്ഷിക്കണം. മലകൾ തകർത്തു പാറകൾ പൊട്ടിച്ചു നിമിക്കുന്ന ക്രഷർ പോലുള്ള വലിയ വ്യവസായങ്ങൾക്ക് നിയന്ത്രണം വേണം. പുഴകൾ കയ്യേറുന്നവരെ നിയമത്തിന് മുന്നിൽ കൊണ്ട് വരണം. ഇതിനെല്ലാം നിയമങ്ങൾ ഉണ്ട് പക്ഷെ നടപ്പിലാക്കേണ്ടവർ ഉറക്കത്തിലാണ്. അല്ലെങ്കിൽ ഉറക്കം നടിക്കുന്നു.പ്രകൃതി സരക്ഷണ സമിതികളും ഫണ്ടുകളും ഉള്ള സംസ്ഥാനമാണ് നമ്മുടേത് എന്നിട്ടും പ്രകൃതിയെ നശിപ്പിച്ചു കളയുന്നു,അല്ല കൊന്നു കളയുന്നു.

പ്രകൃതി ദിനത്തിന്റെ ആവശ്യകതയും പ്രസക്തിയും പൂർണ്ണമായി ഉൾക്കൊണ്ട് പ്രവർത്തിച്ചിരുന്നെങ്കിൽ ഇന്ന് അഭിമുഖീകരിക്കുന്ന ഒട്ടനവധി പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമായിരുന്നില്ല എന്നതാണ് വാസ്തവം. പ്രകൃതി ദിനം വെറും വാക്കുകളിലോ സോഷ്യൽ മീഡിയയിലോ പോസ്റ്റുകളിലോ അതുമല്ലെങ്കിൽ ഒരു വൃക്ഷത്തൈ നടീലിലോ മാത്രമായി ഒതുങ്ങിപ്പോകുന്നു. വാക്കുകളേക്കാൾ പ്രവൃത്തിക്ക് പ്രാധാന്യം നൽകുന്നവരാകാൻ നാം ശീലിക്കേണ്ടിയിരിക്കുന്നു. പരിസ്ഥിതിയും മനുഷ്യനും പരസ്പര പൂരകങ്ങളാണ്. പ്രകൃതിയെ ആശ്രയിക്കാതെ ജീവിക്കാൻ മനുഷ്യന് കഴിയുകയില്ല.

നമ്മുടെ നാട്ടിലെ

പ്രകൃതിസംരക്ഷണ നിയമങ്ങളിൽ അനുശാസിക്കുന്ന കാര്യങ്ങൾ പാലിച്ചുകൊണ്ടുതന്നെ വികസനം നടപ്പിലാക്കാൻ സാധിക്കണം. ഒരു മരം മുറിക്കുമ്പോൾ പകരം ഒന്ന് നട്ട് പരിപാലിക്കുവാനുള്ള ആർജ്ജവത്വം നാം കാണിക്കണം.ജനകീയ കൂട്ടായ്മകളിലൂടെയുള്ള അവബോധവും പൊതുനന്മ ലക്ഷ്യമാക്കിയുള്ള ഒരുമിച്ചുള്ള പ്രവർത്തനങ്ങളുമാണ് ഏത് പ്രശ്നത്തിന്റെയും അടിസ്ഥാന പരിഹാരമാർഗ്ഗം. അതിനാൽ പ്രകൃതി സംരക്ഷണത്തിനായി നാമോരോരുത്തരും ഉണർന്ന് പ്രവർത്തിക്കേണ്ട സമയമാണിത്. പരിസ്ഥിതി-പ്രകൃതി സംരക്ഷണത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാമുഖ്യം നൽകുവാനും പ്രകൃതി സംരക്ഷണ അവബോധം വരുംതലമുറയിൽ വളർത്തിയെടുക്കുവാനും നാം പ്രത്യേകം ശ്രദ്ധിക്കണം. പ്രകൃതി സംരക്ഷണ മാർഗ്ഗങ്ങളും ശീലങ്ങളും പാഠ്യപദ്ധതിയിലുൾപ്പെടുത്തണം. എല്ലാറ്റിനും ഉപരിയായി പ്രകൃതിസംരക്ഷണം ഓരോരുത്തരുടേയും കടമയും ഉത്തരവാദിത്വവുമാണെന്ന്
തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാൻ നാമോരോരുത്തരും പ്രത്യേകം ശ്രദ്ധിക്കണം. ഇനിയും നമുക്ക് ഈ പ്രകൃതി വേണം കൊന്ന് കളയരുത്.

നന്ദി

Mary M.A.
HST Biology

കവിത

# കുടുംബം

സുന്ദരമായപ്രകൃതിയാണെൻ അമ്മ
ഇടതിങ്ങിയ വനങ്ങളാണെൻ അച്ഛൻ
കളകളം ഒഴുകുന്ന നദികളാണെൻ സഹോദരങ്ങൾ
ഇലകളും മലകളും മരങ്ങളുമാണെൻ സ്നേഹിതർ
മണ്ണുമാന്തിയന്ത്രങ്ങളാലും മറ്റു യന്ത്രങ്ങളാലും
എൻ കുടുംബത്തെ നശിപ്പിക്കുന്നു ശത്രുക്കൾ
ഇനിയും പ്രകൃതി ചൂഷണങ്ങൾ വരാതിരിക്കട്ടെ

**APARNA K S**

**X B**

# ❤✍ ഉരകല്ല് ✍❤

പാതിവഴിയിൽ ഇനിയെന്തെന്നറിയാതെ
ഉറക്കം വീർത്തപോളകൾക്കുള്ളിൽ വീർപ്പുമുട്ടീടവെ,
തർജിനി ശക്തിയുക്തം
പോർക്കളത്തിൽ ഇതിഹാസങ്ങൾ തിരുത്തിക്കുറിക്കുന്നു.
പേനയും മഷിയും യുദ്ധഭൂവിൽ നിന്ന് പലായനം ചെയ്തു ,
പുസ്തകങ്ങൾ ടാബ്ലറ്റ് ഗുളികകളായ്
വെള്ളമില്ലാതെ വിഴുങ്ങി നിർവൃതിയടയുന്ന
സൈബർ സ്പേസിൽ ഒളിച്ചിരിക്കുന്ന ന്യൂ ജെൻ കുഞ്ഞുങ്ങളേ,
കാലം നിങ്ങൾക്ക് തന്നതെന്ത് ?
ചിരിക്കാൻ അറിയാത്ത ,
കരയാൻ അറിയാത്ത ,
ജഡ ശരീരം കണക്കെ
വികാരമില്ലാത്ത മൂലകളിൽ നിഴൽ ചിത്രം ഒട്ടിപ്പിടിക്കുന്ന ,
നവീന ഛായാചിത്രമായ്
നീ മാറുവതാണോ ചൊൽക.
ചാഞ്ഞും ചെരിഞ്ഞും കൊഞ്ഞനം കുത്തുന്ന
ഘടികാര സൂചികൾ മണിക്കൂറിൽ
പൊട്ടിച്ചിരിയുടെ കാഹളം മുഴക്കുന്നു.
ഭൂതകാലത്തെ വെട്ടിക്കീറി ആധുനികതയുടെ
വാതിൽപ്പുറം കാഴ്ച്ചക്കായ് ഒരുങ്ങുന്നു.
അക്ഷരങ്ങൾ ഡിജിറ്റൽ ആകുമ്പോൾ
അധ്യാപകൻ ഡമ്മിയായ് മാറി
കാഴ്ച്ചക്കപ്പുറം മ്യൂട്ടം അൺ മ്യൂട്ടം
വട്ടം കറക്കിക്കളിക്കുന്നു.
മേൽവിലാസം ഇമെയിൽ ഐഡിയായ്,

ഓൺലൈൻ പഠന മുറികളിൽ
ചരിത്ര പാരമ്പര്യത്തിൽ നിന്നും ജൈവികതയിൽ നിന്നും
അകന്ന് ഇന്റർനെറ്റ് ജങ്കമാകയോ

കാലം ചോദിക്കുന്നതെന്ത്? കൊതിച്ചീടുവതെന്ത്?
പ്രകൃതീ നി ചൊല്ലീടുക
മണ്ണിൽ ഉണ്ണിയുടെ കാൽപുരണ്ടീടുവാൻ,
ഹൃദയത്തിൽ പച്ചപ്പിൻ കറ പുരണ്ടീടുവാൻ
പ്രകൃതി ലഹരിയായ് തീർന്നീടുവാൻ കൊതിക്കുമോ?
കാലമേ നീ തേടുന്ന വിദ്യയുടെ മാനം മാറ്റുക
മണ്ണിലും മനസ്സിലും പ്രകൃതിയുടെ
താളം മുഴങ്ങട്ടെ ,
പ്രാണൻ ഹരിതാഭമാകട്ടെ .
ഭൂവിനെ  നീ കീഴടക്കാതിരിക്കുക
ഭൂവ് നിനക്കായ് കീഴടങ്ങീടട്ടെ.
അമ്മതൻ ഊധസ്സ് നിനക്കായ് ചുരത്തട്ടെ
കാലമേ നീ തേടും വിദ്യയെന്ന രണ്ടക്ഷരങ്ങൾ.
ഉരകല്ലിൽ ഉരച്ചുമിനുക്കി
പഴമയുടെ മാറിൽ ചേർ<u>ത്തു</u>വക്കുക
കാലം തേടുന്ന നിൻ സ്വപ്നങ്ങൾ .

✍ ധന്യ മനോജ് ✍

# വരകൾ......

# വർണങ്ങൾ.............




**NIVEDHYA**
**IX A**



EVANIYA

IX A



**NEHA LUBY**
**IX A**



**ISABEL**
**IX A**

# ....ഒറ്റപ്പെടുന്ന വാർദ്ധക്യം....

ഫോണിലെ നോട്ടിഫിക്കേഷൻ ലൈറ്റ് മിന്നുന്നത് കണ്ട് പൗലോസ് കണ്ണുകൾ ഇറുക്കിയടച്ചു. നിയന്ത്രിക്കാനാവാത്ത രീതിയിൽ ആ മിഴികളിൽ നിന്നും കണ്ണുനീർ ഒഴുകി. സ്വന്തം അമ്മയുടെ ശവസംസ്കാര ചടങ്ങുകളുടെ യൂട്യൂബ് ലിങ്ക് ആണ് ഫോണിൽ മിന്നിയത്.ഒഴുകിയിറങ്ങുന്ന കണ്ണീരിനിടയിലും അമ്മയുടെ സുന്ദര മുഖം അയാളുടെ മനസ്സിൽ തെളിഞ്ഞു. ചെറുപ്പത്തിലെ ഭർത്താവ് നഷ്ടമായ ആ അമ്മ ഒറ്റ മകനേയും മൂന്നു പെൺമക്കളെയും വളരെ കഷ്ടപ്പെട്ടാണ് വളർത്തി വലുതാക്കിയത്. വീടിനോട് ചേർന്ന് ഒരു പെട്ടിക്കട തുടങ്ങിയതിൽ നിന്നും ലഭിക്കുന്ന വരുമാനമായിരുന്നു ആകെ ജീവിത മാർഗം. അതിൽനിന്നും കിട്ടുന്ന തുക ഒന്നിനും തികഞ്ഞില്ല. പലരിൽ നിന്നും കടം വാങ്ങിയും പട്ടിണി കിടന്നും പെങ്ങന്മാരെ അയാൾ കെട്ടിച്ചയച്ചു. ആകെയുണ്ടായിരുന്ന ആ വീടിന്റെ ആധാരവും അതോടെ പണയത്തിലായി. വീടിന്റെ പകുതി പുറമ്പോക്കിൽ ആയിരുന്നു നിന്നിരുന്നത്. ആയിടെ ആണ്  റോഡിന് വീതി കൂട്ടുന്ന നടപടിയിൽ അയാളുടെ വീടും പൊളിച്ചു നീക്കേണ്ടി വന്നത്. പുറമ്പോക്കിൽ ആയതിനാൽ തുച്ഛമായ നഷ്ടപരിഹാരമേ അയാൾക്ക് കിട്ടിയുള്ളൂ.

വേറെ വഴിയൊന്നും കാണാഞ്ഞ് അയാൾ കുടുംബവുമായി ഒരു വാടക വീട്ടിലേക്ക് മാറി. നഷ്ടപരിഹാര തുകകൊണ്ട് ഭാര്യയെ അയാൾ വിദേശത്ത് വൃദ്ധമന്ദിരത്തിൽ ഒരു ജോലിക്കായി വിസ തരപ്പെടുത്തി അയച്ചു. കുറച്ചുനാളുകൾക്കു ശേഷം മറ്റൊരു ദേശത്തേക്ക് അയാളും പോയി. അവിടെ കഷ്ടപ്പെട്ട് പട്ടിണി കിടന്നു മിച്ചം പിടിച്ച പണം കൊണ്ട് സ്വന്തമായി ഒരു വീടുണ്ടാക്കി. മക്കളെ പഠിപ്പിച്ചു. ഇതിനിടയിൽ
നാട്ടിൽ ഒന്നു വന്നു പോവാൻ അവരുടെ വിസ നിയമം അനുവദിച്ചില്ല.

മക്കൾ നന്നായി പഠിച്ചു.അവരുടെ വിദ്യാഭ്യാസം പൂർത്തിയായെങ്കിലും നാട്ടിൽ ഒരു ജോലിയും കിട്ടാതെ അലഞ്ഞു.റാങ്ക് ലിസ്റ്റിൽ പേര് വന്നിട്ടും നിയമനം നടക്കാത്തതിനാൽ അവരും വിദേശത്തേക്ക് പോകാൻ തീരുമാനിച്ചു. നാട്ടിൽ ജോലി സാധ്യതകൾ ഇല്ലാതാകുന്നതും, അർഹതപ്പെട്ടവർ അവഗണിക്കപ്പെടുന്നതും,പണത്തിനും പദവിക്കും മുൻപിൽ നീതി പോലും നിഷേധിക്കപ്പെടുന്നതും പതിവ് കാഴ്ചയായ കേരളത്തിൽ നിത്യജീവിതം ആയാസകരമാവും എന്ന തിരിച്ചറിവ് നാടുവിടാൻ അവരിൽ സമ്മർദ്ദം ചെലുത്തി. പക്ഷേ പ്രായമായ അമ്മയുടെ പരിചരണം ഒരു പ്രശ്നമായി മാറി. മക്കളുടെ യാത്രയോട് ബന്ധപ്പെട്ട് വർഷങ്ങൾക്കുശേഷം രണ്ടാഴ്ചത്തെ അവധിയിൽ അയാളും ഭാര്യയും നാട്ടിലെത്തി. അവധിക്കുശേഷം എല്ലാവരും അവരവരുടെ ജോലി സ്ഥലങ്ങളിലേക്ക് യാത്രയായി. മക്കളും ചെറുമക്കളും എല്ലാം അകന്നു പോയി ആ വൃദ്ധ മാത്രം ഒറ്റപ്പെട്ടു. അടുത്തുള്ള രണ്ട് വീടുകൾ അടച്ചിട്ട നിലയിലാണ്. അവിടെയും ആരും താമസമില്ല. എല്ലാവരും വിദേശത്താണ്. നാട്ടിലെ മിക്ക വീടുകളുടെയും അവസ്ഥ ഇതുതന്നെ. വാർദ്ധക്യത്തിൽ അമ്മയെ സംരക്ഷിക്കാനോ കൂടെ നിന്ന് ശുശ്രൂഷിക്കാനോ കഴിയാത്ത ജീവിതം.

അമ്മയുടെ നിസ്സഹായമായ വാർദ്ധക്യം അയാളെ നൊമ്പരപ്പെടുത്തി. രണ്ടു വർഷത്തിലേറെയായി അമ്മയെ കണ്ടിട്ട്.അമ്മയുടെ കഴുത്തിലെ മൂന്നു പവന്റെ മാലയ്ക്ക് വേണ്ടി കള്ളന്മാർ അമ്മയെ പിടിച്ചു വലിച്ചു തള്ളിയിട്ടു. തലയടിച്ചുവീണ അമ്മ തൽക്ഷണം പോയി. അവസാനമായി ഒന്ന് കാണാൻ പോലും പോകാൻ കഴിയാത്ത ഒരു കുരുക്കിൽ ആണ് തന്റെ വിസ എഗ്രിമെന്റ്.സ്വന്തം വിധിയെ പഴിച്ചുകൊണ്ട് അയാൾ തേങ്ങിക്കരഞ്ഞു.

എലൈസ് ജൈ


സെന്റ് ജോസഫ്സ് എ ച് എസ് എസ് മേലൂർ



മികവുകൾ
CongratulationS
Congratulations to our student
Atheena Thottan
who has participated
67th National Weight Lifting
School Games - 2023-2024,
held at Rajasthan
ANUSREE PROMOD
SANSKRIT
SCHOLARSHIP
STATE SCHOOLS WEIGHT LIFTING
CHAMPIONSHIP
CongratulationS
GOLD
GOLD
STAFF, MANAGEMENT & PTA
ST JOSEPH'S HSS MELOOR
PowerDirecto


PEN DRIVE
THE WORLD'S LARGEST
LITERARY BOOK
പെൻഡ്രൈവ്
ഞങ്ങളുടെ പെൻ ഡ്രൈവിന് 9 റെക്കോഡുകൾ
അഭിമാനം
ലണ്ടൻ വേൾഡ് റെക്കോർഡ്സ്
വേൾഡ് വൈഡ് ബുക്ക് ഓഫ് റെക്കോർഡ്സ്
ലിംക ബുക്ക് ഓഫ് റെക്കോർഡ്സ്
വെബ് വേൾഡ് റെക്കോർഡ്സ്
യൂണികോൺ വേൾഡ് റെക്കോർഡ്സ്
ഇന്ത്യ വേൾഡ് റെക്കോർഡ്സ്
ഏഷ്യ വേൾഡ് റെക്കോർഡ്സ്
കേരള ബുക്ക് ഓഫ് റെക്കോർഡ്സ്
അമേരിക്ക ബുക്ക് ഓഫ് റെക്കോർഡ്സ്


കായിക മികവുകൾ
ST. JOSEPH'S H.S.S, MELOOR
തൃശൂർ ജില്ലാ സ്കൂൾ കായിക
മേളയിൽ 9 മെഡലുകൾ കരസ്ഥമാക്കി
മികച്ച പ്രകടനം കാഴ്ചവെച്ച് സംസ്ഥാനതല
മത്സരങ്ങൾക്ക് യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക്
അഭിനന്ദനങ്ങൾ
ഇവർ നാടിന്റെ അഭിമാനതാരങ്ങൾ
BENJAMIN BASIL
NEHA ALEX
REVATHY C G
JESIN JOSHY
JEFIN JOSHY
JONPAUL THOMAS
മാനേജ്മെന്റ്, പി.ടി.എ & സ്റ്റാഫ്
WINNERS
THRISSUR DIST SPORTS MEET
Congratulations
S.J.H.S.S
MELOOR
PowerDirector


കായിക മികവുകൾ
PowerDirecto


അടുക്കളത്തോട്ടം


ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്

# കുട്ടികളിലെ ലഹരി ഉപയോഗം

മനുഷ്യനെ നിത്യദുഖത്തിലേക്കും അകാല മരണത്തിലേക്കും കൊണ്ടെത്തിക്കുന്ന ഒന്നാണ് ലഹരിവസ്തുക്കൾ.സാമൂഹ്യജീവിതത്തിൽ ഇവ എത്രമാത്രം സ്വാധീനിക്കപ്പെട്ടിരിക്കുന്നുവോ അത്രതന്നെ അപകടകരമായ അവസ്ഥയിലേക്ക് ഇത് നയിക്കുന്നു.ഇവ ഉപയോഗിക്കുന്നത് അന്തസിന്റെ ചിഹ്നമായി ഒരു കൂട്ടർ കാണുന്നെങ്കിലും മറ്റൊരു കൂട്ടർക്കിത് മനസ്സിന്റെ പക്വതയില്ലായ്മയുടെ അനന്തര ഫലമാണ്. കുട്ടികളിലെ ലഹരി ഉപയോഗം മനുഷ്യനെ നിത്യദുഃഖത്തിലേ ക്കും അകാല മരണത്തിലേക്കും കൊണ്ടെത്തിക്കുന്ന ഒന്നാണ് ലഹരിവസ്തുക്കൾ. സാമൂഹ്യജീവിതത്തിൽ ഇവ എത്രമാത്രം സ്വാധീനിക്കപ്പെട്ടിരിക്കുന്നുവോ അത്രതന്നെ അപകടകരമായ അവസ്ഥയിലേക്ക് ഇത് മനുഷ്യനെ നയിക്കുന്നു. ഇവ ഉപയോഗിക്കുന്നത് അന്തസ്സിന്റെ ചിഹ്നമായി ഒരു കൂട്ടർ കാണുന്നെങ്കിലും മറ്റൊരു കൂട്ടർക്കിത് മനസ്സിന്റെ പക്വതയില്ലായ്മയുടെ അനന്തര ഫലമാണ്.

മദ്യത്തിനും മയക്കുമരുന്നിനും അടിമയാകുന്നവരിൽ ശരീര പ്രതിരോധ ശേഷി നഷ്ടമാവുകയും കരൾ, തലച്ചോറ്, തുടങ്ങിയ ആന്തരികാവയവങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ചെയ്യും. ലഹരിപദാ ർത്ഥങ്ങൾ ഉപയോഗിക്കരുതെന്ന് ഉപദേശിക്കുന്നവരെ പുച്ഛിക്കുന്ന സമൂഹത്തെയാണ് നാമിന്ന് കാണുന്നത്. സ്വന്തം കുടുംബത്തെപോലും ഇല്ലാതാക്കാൻ യാതൊരു മടിയും ഇക്കൂട്ടർക്ക് ഇല്ല എന്ന് മാത്രമല്ല, മദ്യപാനികൾ കുടുംബത്തിനും സമൂഹത്തിനും വരുത്തിവയ്ക്കുന്ന വിനകൾ കുറച്ചൊന്നുമല്ല. കുടുംബസുരക്ഷ,രാജ്യസുരക്ഷ ഇതൊന്നും അവർക്ക് ഒരു പ്രശ്നമല്ല. ലഹരി വസ്തുക്കൾ ഉപയോഗിക്കരുതെന്ന് മഹാത്മാർ ഉപദേശിക്കാറുണ്ട് മദ്യനിരോധനം മനുഷ്യനന്മക്കും രാഷ്ട്രപുരോഗതിക്കും അത്യന്താപേക്ഷിതമാണെന്ന് രാഷ്ട്രപിതാവായ ഗാന്ധിജി ഉദ്ബോധിപ്പിച്ചിരിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലക്ഷ്യമാക്കിയും ഒളിഞ്ഞും തെളിഞ്ഞും കൗമാ രക്കാരായ വിദ്യാർത്ഥികളെ ലക്ഷ്യമാക്കിയും ലഹരി പദാ ർത്ഥങ്ങൾ വിൽപ്പന നടത്തുന്ന റാക്കറ്റുകൾ കടന്നാക്രമിക്കുന്നത് ഇന്ന് വൻ വിപത്തായി മാറിയിരിക്കുന്നു. ചുരുക്കത്തിൽ മദ്യവും മയക്കുമരുന്നുകളും ഇല്ലാത്ത ഒരു ഇന്ത്യ ചൈതന്യമുള്ള ഒരു ജനത അതാവണം നമ്മുടെ ലക്ഷ്യം.

**SURYANANDHA**

# കുട്ടികളും സാമൂഹിക മാധ്യമങ്ങളും

മനുഷ്യരുടെ ആവശ്യങ്ങൾക്കായി നിത്യവും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് സോഷ്യൽ മീഡിയ. ഇന്നത്തെ കാലത്ത് മനുഷ്യർക്ക് ഒഴിവാക്കാൻ കഴിയാത്ത ഒന്നായി സോഷ്യൽ മീഡിയ മാറിക്കൊണ്ടിരിക്കുകയാണ്. നമുക്ക് എന്ത് അറിയണമെങ്കിലും സോഷ്യൽ മീഡിയകളിലൂടെ നിമിഷം നേരം കൊണ്ട് അറിയുവാൻ സാധിക്കും. എന്നാൽ സോഷ്യൽ മീഡിയയിൽ ധാരാളം നല്ല കാര്യങ്ങളും മോശം കാര്യങ്ങളും ഉണ്ട്.

കുട്ടികളാണ് ഇന്ന് ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, ട്വിറ്റർ, ഓൺലൈൻ ഗെയിമുകൾ എന്നിവ കൂടുതലായി ഉപയോഗിക്കുന്നതും അതിലേക്ക് അടിമപ്പെട്ടു കൊണ്ടിരിക്കുന്നതും. ഇത് കുട്ടികളെ ലഹരി ഉപയോഗത്തിലേക്ക് നയിക്കുന്നു. മൊബൈൽ ഇല്ലാതെ കുട്ടികൾക്ക് കുറച്ചു നേരം പോലും ഇരിക്കാൻ സാധിക്കുന്നില്ല. മൊബൈൽ കൊടുക്കാതിരുന്നാൽ അവരിൽ പലതരം മാനസികമായ വിഭ്രാന്തികൾ ഉണ്ടാകുന്നു. കുട്ടികളുടെ നിത്യജീവിതത്തിലും ഒഴിവാക്കാൻ പറ്റാത്ത ഒരു ഘടകമായി മൊബൈൽ ഫോണും സോഷ്യൽ മീഡിയകളും മാറിക്കഴിഞ്ഞിരിക്കുന്നു. സോഷ്യൽ മീഡിയകളിലൂടെ ഇന്ന് ധാരാളം പണക്കവർച്ചകളും തട്ടിപ്പുകളും നടക്കുന്നു. കുട്ടികളാണ് ഇന്ന് കൂടുതൽ ഓൺലൈൻ തട്ടിപ്പുകൾക്ക് ഇരയായി കൊണ്ടിരിക്കുന്നത്.

കുട്ടികളിലെ വായനാശീലം വർദ്ധിപ്പിച്ചു കൊണ്ട് നമുക്ക് മൊബൈൽ ഫോണിന്റെയും സോഷ്യൽ മീഡിയകളുടെയും ഉപയോഗം കുറയ്ക്കാൻ സാധിക്കും. കൗൺസിലുകളും ബോധവൽക്കരണം ക്ലാസുകളും കൊണ്ട് നമുക്ക് കുട്ടികളിലെ അമിതമായ മൊബൈൽ ഫോൺ ഉപയോഗം തടയാൻ സാധിക്കും. ഇത്തരം കാര്യങ്ങളിലൂടെ കുട്ടികളിലെ നല്ല ചിന്തകൾ ഉണർത്താനും അവരിൽ നല്ല സ്വഭാവം ഉണ്ടാകാനും സാധിക്കും. നല്ലൊരു നാളേക്കായി മൊബൈൽ ഫോണിന്റെയും സോഷ്യൽ മീഡിയയിലൂടെയും ഉപയോഗം കുറയ്ക്കേണ്ടത് അനിവാര്യമാണ്.

**ANJANA**

# പ്രകൃതി നാശത്തിലേക്കോ?

ഹരിത മനോഹരമാണ് പ്രകൃതി. കാലാവസ്ഥ, മണ്ണ്, കൃഷി,സസ്യ ജന്തുജാലങ്ങൾ എന്നിവ മാത്രമല്ല മനുഷ്യനും പ്രകൃതിയുടെ ഭാഗമാണ്. കാടും മേടും തെളിയിച്ച് വന്യജീവികളുടെ ആക്രമണത്തെയും മലമ്പനി തുടങ്ങിയ രോഗങ്ങളെയും നേരിട്ട് മണ്ണിൽ പൊന്നു വിളയിച്ച ഒരു കൂട്ടം മനുഷ്യരുടെ കഥ ആവേശം ജനിപ്പിക്കുന്നതാണ്. മനുഷ്യൻ പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്നതിന്റെ ഭാഗമായി ധാരാളം പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. ഓരോ പ്രദേശത്തെയും സാഹചര്യങ്ങൾക്കനു സൃതമായി മനുഷ്യർ അവരുടെ ജീവിതവും ക്രമപ്പെടുത്തുന്നു. എന്നാൽ അമിത വിഭവ ചൂഷണവും അശാസ്ത്രീയമായ ഇടപെടലുകളും പ്രകൃതിയുടെ നാശത്തിന് കാരണമാകുന്നു. തന്റെ നിലനിൽപ്പിനെ മാത്രം മുന്നിൽ കണ്ടുകൊണ്ട് മനുഷ്യൻ പ്രകൃതിയിൽ നടത്തുന്ന ഇടപെടലുകൾ വിപരീതഫലമാണ് ഉണ്ടാക്കുന്നത്.
മരങ്ങൾ വെട്ടി നശിപ്പിക്കുന്നതും കുളം,പുഴ തുടങ്ങിയ ജലസ്രോതസ്സുകളിൽ പ്ലാസ്റ്റിക് മറ്റു മാലിന്യ വസ്തുക്കൾ നിക്ഷേപിക്കുന്നതും മണ്ണിനുവേണ്ടി കുന്നുകൾ ഇടിച്ചു നിരത്തുന്നതും വനനശീകരണം തുടങ്ങിയ ശാസ്ത്രീയമായ പ്രവർത്തനങ്ങളുടെ ഫലമായി പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് ഇന്ന് കോട്ടം തട്ടിയിരിക്കുന്നു. താളം തെറ്റി വരുന്ന മഴയും അതികഠിനമായ ചൂടും കൊടിയ തണുപ്പും എല്ലാം ഈ പ്രവർത്തനങ്ങളുടെ അനന്തരഫലങ്ങളാണ്. പ്രകൃതി ദുരന്തങ്ങളും പ്രകൃതിക്ഷോഭങ്ങളും അതിക്രമിച്ചു കൊണ്ടിരിക്കുന്നു. പ്രളയം, സുനാമി, വരൾച്ച, മണ്ണിടിച്ചിൽ, ഭൂമി കുലുക്കം തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ ഏൽപ്പിക്കുന്ന ആഘാതം വളരെയധികമാണ്. മനുഷ്യ വംശത്തിന്റെയും ജന്തുജാലങ്ങളുടെ നാശത്തിനും ഇത് കാരണമാകുന്നു.കൂടുതൽ ചൂഷണം ചെയ്താൽ ലാഭം കൂടുമെന്ന ആർത്തി മൂലം മനുഷ്യർ ഇന്ന് ചൂഷണത്തിന്റെ അളവു കൂട്ടുകയും ബാക്കി വരുന്ന മാലിന്യങ്ങൾ പ്രകൃതിയിലേക്കു തന്നെ വലിച്ചെറിയുകയും ചെയ്യുമ്പോഴാണ് പ്രകൃതി വിഭവങ്ങളുടെ കലവറയായിരുന്ന ഇടങ്ങൾ ദുരന്തത്തിന്റെ നേർ ചിത്രങ്ങളായി മാറുന്നത്.
പ്രകൃതിയുടെ സംരക്ഷണം മനുഷ്യന്റെ നിലനിൽപ്പിനു മാത്രമല്ല ഈ ഭൂമിയിലെ എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. മരങ്ങൾ നട്ടുപിടിപ്പിക്കുക വനങ്ങളിൽ സംരക്ഷിക്കുക ജലസ്രോതസ്സുകളിൽ സംരക്ഷിക്കുക പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറിക്കുന്നതിലൂടെ മലിനീകരണം കുറയ്ക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ നമുക്ക് പ്രകൃതിയെ സംരക്ഷിക്കാം. പ്രകൃതിയെ സംരക്ഷിക്കുന്നതിലൂടെ മനുഷ്യന്റെയും മറ്റ് എല്ലാ ജീവജാലങ്ങളുടെ ജീവനും സംരക്ഷിക്കാം.

**SREEBHADRA**

# നന്ദി

ഈ ഡിജിറ്റൽ മാഗസിൻ ഒരുക്കാൻ

സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ്

അംഗങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകിയ

ഞങ്ങളുടെ ഹെഡ്മാസ്റ്റർ സോണി

സാറിനും നേതൃത്വം നൽകിയ കൈറ്റ്

മിസ്ട്രസുമാരായ മേരി ടീച്ചറിനും

ജയറിടീച്ചറിനും

SITC ജീസൺ സാറിനും

ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി

അറിയിക്കുന്നു.

# എഡിറ്റോറിയൽ

അഞ്ജന ഷിനോജ്

ശ്രീഭദ്ര കെ എൻ

ശ്രീദേവിക

സൂര്യനന്ദ